**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2** | **05-12-2022 - ൽ മറുപടിയ്ക്ക്**

**നവകേരളം കർമ്മ പദ്ധതി 2**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വികസന രംഗത്ത് കുതിച്ചുചാട്ടം സൃഷ്ടിക്കാൻ വഴിയൊരുക്കിയ വികസന മിഷനുകളുടെ പ്രാധാന്യം കണക്കിലെടുത്ത് വികസനത്തുടർച്ച ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നവകേരളം കർമ്മ പദ്ധതി 2-നെ കുറിച്ച് വിശദമാക്കാമോ; | (എ) | ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളെയും കേരള പുനർ നിർമ്മാണ പദ്ധതി (RKI)-യേയും ഉൾപ്പെടുത്തിയാണ് നവകേരളം കർമ്മപദ്ധതി 2-ന് രൂപം നൽകിയിട്ടുള്ളത്. 11.02.2022-ലെ സർക്കാർ ഉത്തരവ് പ്രകാരം നവകേരളം കർമ്മപദ്ധതി 2-ന്റെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.<br><br>നാല് വികസന മിഷനുകളുടെയും കേരള പുനർ നിർമ്മാണപദ്ധതിയുടെയും നിലവിലുള്ള പ്രവർത്ത നങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ മിഷനുകളുടെ പ്രവർത്തനങ്ങൾക്ക് തുടർച്ച സൃഷ്ടിക്കുന്ന രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് നവകേരളം കർമ്മ പദ്ധതി 2-ന്റെ മാർഗ്ഗരേഖയിൽ ചിട്ടപ്പെടുത്തിയിരിക്കുന്നത്. മിഷനു കളുടെ പ്രവർത്തന സമീപനം, പൊതു ലക്ഷ്യങ്ങൾ, സംയോജന സാദ്ധ്യതകൾ, ക്യാമ്പയിനുകൾ, മോണിറ്ററിംഗ് സംവിധാനം എന്നിവ കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് പ്രവർത്തനങ്ങൾ ഏകോപനത്തോടെ നിർവ്വഹിച്ചു വരുന്നു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. പ്രതിപക്ഷനേതാവും ബന്ധപ്പെട്ട മന്ത്രിമാരും ഉൾപ്പെടുന്ന സംസ്ഥാനസമിതി ഇതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നുണ്ട്. ഓരോ മിഷനും ബന്ധപ്പെട്ട മന്ത്രിമാർ അദ്ധ്യക്ഷനായ കർമ്മസമിതികൾ സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കർമ്മ പദ്ധതിയുടെ മുൻഗണനാ മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | ലൈഫ്, ആർദ്രം, ഹരിത കേരളം, വിദ്യകിരണം എന്ന പേരിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, കേരള പുനർ നിർമ്മാണ പദ്ധതി എന്നിവ ഉൾപ്പെടുത്തിയാണ് നവകേരളം കർമ്മപദ്ധതി 2-ന് രൂപം നൽകിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതി 2-ന്റെ മുൻഗണനാ മേഖലകൾ താഴെ പ്പറയുന്നവയാണ്:<br><br>സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം ഉറപ്പാക്കിയും, നിർമ്മാണം അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിന് സഹായം ലഭ്യമാക്കിയും ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് സമഗ്ര പുനരധിവാസ പദ്ധതിയും ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലൈഫ് മിഷൻ ലക്ഷ്യമിടുന്നു.<br><br>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോദ്യ കേന്ദ്രങ്ങളാക്കി മാറ്റിയും സർക്കാർ ആശുപത്രികൾ വിപുലീകരിച്ചും ജീവിത ശൈലീരോഗങ്ങളിൽ നിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കൽ, ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം തുടങ്ങിയവ ഉറപ്പ വരുത്തി ആദിവാസികൾ, മൽസ്യത്തൊഴിലാളികൾ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും സ്ത്രീകളുടെയും പ്രായാധിക്യമുള്ളവരുടെയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആർദ്രം മിഷൻ ലക്ഷ്യമിടുന്നു.<br><br>ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുകയും പൊതുവിദ്യാലയങ്ങളിലെ പഠനബോധനപ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക രൂപപ്പെടുത്തുകയും ചെയ്യാൻ ലക്ഷ്യമിട്ടുള്ള വിദ്യാകിരണം.<br><br>ശുചിത്വ-മാലിന്യ സംസ്കരണം, മണ്ണ് സംരക്ഷണം, ജൈവകൃഷിക്ക് പ്രാമുഖ്യം നൽകിയിട്ടുള്ള കൃഷി വികസനം, മാലിന്യമുക്ത പരിസ്ഥിതി ഉറപ്പാക്കൽ തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകിയിട്ടുള്ളതാണ് ഹരിത കേരളം മിഷൻ.<br><br>പ്രളയത്തിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിച്ച് പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെട്ട രീതിയിൽ പുന:സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള സംരംഭമാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI). |

സെക്ഷൻ ഓഫീസർ